**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയത്തിന്റെ ഉപയോഗത്തിനായി ഫോട്ടോ കോപ്പിയർ മെഷീൻ വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം. 3671/2015/തസ്വഭവ. തിരുവനന്തപുരം, തീയതി 08/12/2015.

---

പരാമർശം:-(1) ട്രൈബ്യൂണൽ സെക്രട്ടറിയുടെ 19.08.2015 ലെ എ 1-381(1)/15 റ്റി എൽ എസ് ജി ഐ നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയത്തിൽ ഉപയോഗിക്കുന്നതും നിലവിലുള്ളതുമായ ഫോട്ടോ കോപ്പിയർ ഉപകരണം റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കാൻ സാധിക്കാത്തവിധം തകരാറിലായതിനാലും കാലപ്പഴക്കം ചെന്നതിനാലും പുതിയ ഫോട്ടോ കോപ്പിയർ ഉപകരണം വാങ്ങുന്നതിലേയ്ക്കായി 2515-00-101-63-34, മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 1,65,040/- രൂപയുടെ അധിക ധനവിനിയോഗവും ഭരണാനുമതിയും അനുവദിക്കണമെന്ന് പരാമർശപ്രകാരം ട്രൈബ്യൂണൽ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയത്തിന്റെ ഉപയോഗത്തിനായി 1,65,040/- രൂപയ്ക്ക് (ഒരു ലക്ഷത്തി അറുപത്തിഅയ്യായിരത്തി നാല്പത് രൂപ മാത്രം) പുതിയ ഫോട്ടോ കോപ്പിയർ ഉപകരണം വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു. ടി തുകയ്ക്കുള്ള അധിക ധനവിനിയോഗ പ്രൊപ്പോസൽ അടിയന്തിരമായി സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എൻ.വിശ്രുതൻ ആചാരി**
**അണ്ടർ സെക്രട്ടറി.**

സെക്രട്ടറി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ,
തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**